ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് നാളെ തുടക്കം. ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിലും, ഷാങ്ഹായ് സഹകരണ ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും.

**Prime Minister Narendra Modi to embark on a four day official visit to Japan and China tomorrow. PM will attend 15th India-Japan Annual Summit and Shanghai Cooperation Organisation's 25th meeting of Council of Heads of State during the visit.**

2) യുദ്ധം ആഗ്രഹിക്കുന്ന രാജ്യമല്ല ഇന്ത്യയെന്നും, എന്നാൽ വെല്ലുവിളികളെ ശക്തമായി നേരിടുമെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.

**Defence Minister Rajnath Singh reaffirmed that India has never been a nation seeking war or initiating aggression but warned that any challenge to the country would be met with decisive strength.**

3) മലയോര മേഖലയിലെ ജനങ്ങളുടെ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഭൂപതിവ് ഭേദഗതി നിയമത്തിൻറെ ചട്ടങ്ങൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം

**Kerala Cabinet approved amendments to the land assignment rules for resolving land issues in hilly regions.**

4) ജമ്മുകശ്മീരിൽ വൈഷ്ണോ ദേവി തീർത്ഥാടന പാതയിലുണ്ടായ മണ്ണിടിച്ചിലിൽ മരണസംഖ്യ 30 പിന്നിട്ടു. പഞ്ചാബിൽ പ്രളയക്കെടുതി രൂക്ഷം.

At least 30 people have lost their lives after heavy rains triggered a massive landslide on the route to Vaishno Devi shrine near Katra in Jammu and Kashmir. In Punjab, the flood situation in parts of the state bordering Raavi, Beas and Satluj Rivers is turning grim.

5) ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് അമേരിക്ക ഏർപ്പെടുത്തിയ 25 ശതമാനം അധിക തീരുവ ഇന്നു മുതൽ പ്രാബല്യത്തിൽ

The United States's 25 per cent additional tariffs on imports from India come into effect today.

6) ഇന്ത്യൻ സ്പിന്നർ ആർ അശ്വിൻ ഐ പി എല്ലിൽ നിന്ന് വിരമിച്ചു .

Indian Spinner R. Ashwin announced retirement from IPL

&&&&&&&&&&&&&&&&&

## HEADLINE-1

**MODI – JAPAN VISIT – MEA (intro)**

*പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് നാളെ തുടക്കം. ഈ മാസം 29, 30 തീയതികളിൽ ജപ്പാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി, ജാപ്പനീസ് പ്രധാനമന്ത്രി ഷിഗെരു ഇഷിബയ്ക്കൊപ്പം 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും.*

*ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപ്രധാന പങ്കാളിത്തത്തെക്കുറിച്ച് ഉച്ചകോടി ചർച്ച ചെയ്യും. ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകളും നേതാക്കൾക്കിടയിൽ നടക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു.*

*(ഹോൾഡ്)*

*ഓഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളാണ് പ്രധാനമന്ത്രിയുടെ ചൈനാ സന്ദർശനം. ടിയാൻജിനിൽ നടക്കുന്ന, ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. ചൈനീസ് പ്രസിഡൻറ് ഷീ ജിൻപിങ്ങിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. ഷാങ്ഹായ് രാഷ്ട്രത്തലവന്മാരുമായുള്ള ഉഭയകക്ഷി ചർച്ചകളും ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ നടക്കും.*

&&&&&&&&&&&&&&&&&&

## HEADLINE-2

## RAJNATH SINGH (INTRO)

*ഇന്ത്യ ഒരിക്കലും യുദ്ധം ആഗ്രഹിക്കുന്ന രാഷ്ട്രമല്ലെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. എന്നാൽ രാജ്യത്തിനെതിരായ ഏത് വെല്ലുവിളിയേയും ശക്തമായി നേരിടുമെന്നും അദ്ദേഹം പറഞ്ഞു. മധ്യപ്രദേശിലെ ആർമി വാർ കോളേജിൽ നടന്ന രൺ സംവാദ് പ്രതിരോധ സെമിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടാൻ സേനകളുടെ പ്രതിരോധശേഷി തുടർച്ചയായി വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. ആസൂത്രണത്തിലും സാങ്കേതികവിദ്യയിലും മുന്നോട്ട് കുതിക്കുന്ന ഇന്ത്യ വരും കാലങ്ങളിൽ, ആഗോള ശക്തിയായി ഉയർന്നുവരുമെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.*
*(ഹോൾഡ്)*

&&&&&&&&&&&&&&&&&&

## HEADLINE-4

## JK LANDSLIDE

ജമ്മു കശ്മീരിലെ കത്രയിൽ വൈഷ്ണോ ദേവി തീർത്ഥാടന പാതയിലുണ്ടായ കനത്ത മണ്ണിടിച്ചിലിൽ 30-ലേറെ മരണം. ദിവസങ്ങളായി തുടരുന്ന കനത്ത മഴയെ തുടർന്ന് ഇന്നലെയാണ് മണ്ണിടിച്ചിലുണ്ടായത്. സിആർപിഎഫിന്റെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. മേഖലയിൽ കുടുങ്ങിക്കിടക്കുന്ന തീർത്ഥാടകർക്ക് അവശ്യ മരുന്നുകൾ ഉൾപ്പെടെ എത്തിക്കുന്നുണ്ട്. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദു:ഖം രേഖപ്പെടുത്തി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ജമ്മുകശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായി സംസാരിച്ച് എല്ലാ സഹായങ്ങളും ഉറപ്പുനൽകി. അതിരൂക്ഷമായ മഴക്കെടുതികളാണ് ജമ്മു കശ്മീരിൽ അനുഭവപ്പെടുന്നത്. കശ്മീർ മേഖലയിലെ അനന്ത്നാഗ്, കുൽഗാം, പുൽവാമ ഉൾപ്പെടെ ആറ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകി. പ്രതികൂല കാലാവസ്ഥയെ തുടർന്ന് ലാൻഡ് ലൈൻ, മൊബൈൽഫോൺ സേവനങ്ങൾ തടസ്സപ്പെട്ട നിലയിലാണ്. ജമ്മു-ശ്രീനഗർ ദേശീയ പാതയിലെ ഗതാഗതം തുടർച്ചയായ രണ്ടാം ദിവസവും നിർത്തിവച്ചിരിക്കുകയാണ്.

ജമ്മുകശ്മീരിലും, ലഡാക്കിലും ഇന്ന് നടക്കാനിരുന്ന 10,12 ക്ലാസ് പരീക്ഷകളും മാറ്റിവച്ചു.

&&&&&&&&&&&&&&&&&&

## PUNJAB RAINS

രാവി, സത്ലജ്, ബിയാസ് നദികൾ കരകവിഞ്ഞൊഴുകുന്നതിനെ തുടർന്ന് പഞ്ചാബിൽ വെള്ളപ്പൊക്കം രൂക്ഷം. പ്രളയബാധിത മേഖലകളിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. പഞ്ചാബിലും, ഹിമാചലിലും, ജമ്മുവിലും കഴിഞ്ഞ മൂന്ന് ദിവസമായി തുടരുന്ന കനത്ത മഴയിൽ രഞ്ജിത് സാഗർ, , പൊങ്, ഭക്ര ഡാമുകൾ നിറഞ്ഞതിനെ തുടർന്ന് ജലം പുറത്തേക്കൊഴുക്കുന്നുണ്ട്. പത്താൻകോട്ട്, ഗുരുദാസ്പൂർ, ഫിറോസ്പൂർ, ഹോഷിയാർപൂർ, കപൂർത്തല, തരൺതാരൺ ജില്ലകളിൽ ജാഗ്രത തുടരുന്നു. താഴ്ന്ന മേഖലകളിൽ നിന്ന് ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. പ്രളയബാധിത മേഖലയിൽ കുടുങ്ങിയവരെ കരസേന, ബിഎസ്എഫ്, എൻഡിആർഎഫ് എന്നിവയുടെ നേതൃത്വത്തിൽ പുറത്തെത്തിക്കാൻ ശ്രമം നടക്കുകയാണ്. ഹെലികോപ്റ്ററുകളും രക്ഷാപ്രവർത്തനത്തിനായി രംഗത്തുണ്ട്. പഞ്ചാബിലെ സ്കൂളുകൾക്ക് ഈ മാസം 30 വരെ അവധി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## MOD-MOU

കേന്ദ്ര പ്രതിരോധ മന്ത്രാലയം ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി ധാരണാപത്രം ഒപ്പുവച്ചു. പെൻഷൻ, ആരോഗ്യസേവനങ്ങൾ, ക്ഷേമ പരിപാടികൾ എന്നിവ ശക്തിപ്പെടുത്തുന്നതിനാണ് ധാരണാപത്രം. വിരമിച്ച സൈനികർക്ക് തൊഴിലവസരങ്ങൾ, സംരംഭകത്വ അവസരങ്ങൾ എന്നിവ ഉറപ്പുവരുത്താനും ഇതിലൂടെ ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-3

## CM (INTRO)

*മലയോര മേഖലയിലെ ജനങ്ങളുടെ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഭൂപതിവ് ഭേദഗതി നിയമത്തിൻറെ ചട്ടങ്ങൾക്ക് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. പട്ടയവ്യവസ്ഥതകൾക്ക് അനുസൃതമല്ലാതെ നടന്നുവരുന്ന നിർമ്മാണവും കൈമാറ്റവും തടയാൻ ഭേദഗതി സഹായകമാവുമെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വകുപ്പ് മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പരിശോധിച്ച ശേഷമാണ് ചട്ടങ്ങൾക്ക് അന്തിമരൂപം നൽകിയതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## ONAM–VEGITABLES

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റ് അങ്കണത്തിൽ ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ P പ്രസാദ്, കെ.എൻ.ബാലഗോപാൽ തുടങ്ങിയവർ പങ്കെടുത്തു. ഓണക്കാലത്ത് വീട്ടുവളപ്പിൽ വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനാണ് സംസ്ഥാന വ്യാപകമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&

## ONAM ALLOWANCE

സംസ്ഥാനത്തെ പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാരിന്റെ ഓണം ആശ്വാസമായി 2,250 രൂപ വീതം എക്സ്ഗ്രേഷ്യേ അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ . 425 ഫാക്ടറികളിലെ 13,835 തൊഴിലാളികൾക്കാണ് ഈ

ആനുകൂല്യം ലഭിക്കുക. സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപനക്കാരുടെയും ഉത്സവബത്ത 500 രൂപ വർദ്ധിപ്പിച്ചു. ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കുമുള്ള ഓണം ഉത്സവ ബത്തയും വർധിപ്പിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തൊട്ടങ്ങളിലെ തൊഴിലാളികൾക്ക് സപ്ലൈകോ ഓണക്കിറ്റ് വാങ്ങുന്നതിനായി ആയിരം രൂപയുടെ ഗിഫ്റ്റ് കൂപ്പണുകളും വിതരണം ചെയ്യും.

&&&&&&&&&&&&&&&&&

## PREZ-GANESH CHATURTHI

ഇന്ന് വിനായക ചതുർത്ഥി. വിപുലമായ ആഘോഷ പരിപാടികളാണ് വിവിധ സംസ്ഥാനങ്ങളിൽ വിനായക ചതുർത്ഥിയോടനുബന്ധിച്ച് നടക്കുന്നത്. കേരളത്തിലെ ഗണപതി ക്ഷേത്രങ്ങളിലും പുലർച്ചെ മുതൽ പ്രത്യേക പൂജകൾ നടക്കുന്നുണ്ട്.രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&

## NHRC- ZIMBABWE STUDENT

പഞ്ചാബിലെ ബതിൻഡയിൽ ആൾക്കൂട്ട ആക്രമണത്തിന് ഇരയായി സിംബാബ്വെ വിദ്യാർത്ഥി മരിച്ച സംഭവത്തിൽ പഞ്ചാബ് ഡിജിപിക്കും ഗുരു കാശി സർവകലാശാല രജിസ്ട്രാർക്കും ദേശീയ മനുഷ്യാവകാശ കമ്മീഷൻ നോട്ടീസ് അയച്ചു. മാധ്യമറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ എടുത്ത കേസിലാണ് നടപടി.

&&&&&&&&&&&&&&&&&

## VIVEK GAUR - PASSED AWAY

മുതിർന്ന ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഉദ്യോഗസ്ഥൻ വിവേക് കുമാർ ഗൗർ ന്യൂഡൽഹിയിൽ അന്തരിച്ചു. 59 വയസ്സായിരുന്നു. ആകാശവാണി ന്യൂസ് സർവീസസ് ഡിവിഷനിൽ സേവനമനുഷ്ഠിച്ചിരുന്ന അദ്ദേഹം പിഐബി, ഡി.എഫ്.പി തുടങ്ങി കേന്ദ്രസർക്കാരിന്റെ വിവിധ മാധ്യമ വിഭാഗങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാംാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മറ്റന്നാൾ വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&

**HEADLINE-5**

**US - INDIA - TARIFFS**

ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് അമേരിക്ക ഏർപ്പെടുത്തിയ 25 ശതമാനം അധിക തീരുവ ഇന്നു മുതൽ പ്രാബല്യത്തിൽ. ഇതോടെ ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ തീരുവ 50 ശതമാനമായി ഉയരും. നടപടി അന്യായവും, നീതീകരിക്കാനാവാത്തതും, യുക്തിരഹിതവുമാണെന്ന് ഇന്ത്യ നിലപാട് വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&

**HEADLINE-6**

**R. ASWIN**

ഇന്ത്യൻ സ്പിന്നർ രവിചന്ദ്രൻ അശ്വിൻ ഐ പി എല്ലിൽ നിന്ന് വിരമിച്ചു .ബി സി സി ഐക്കും ഐ പി എല്ലിനും നന്ദി അറിയിച്ച് എക്സിൽ പോസ്റ്റ് ചെയ്ത കുറിപ്പിലൂടെയാണ് അശ്വിൻ വിരമിക്കൽ തീരുമാനമറിയിച്ചത്. കഴിഞ്ഞ വർഷം അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് അദ്ദേഹം വിരമിച്ചിരുന്നു .2009ൽ ചെന്നൈ സൂപ്പർ കിങ്സിനൊപ്പം ഐ പി എൽ കരിയർ ആരംഭിച്ച അശ്വിൻ, അതേ ടീമിനൊപ്പംതന്നെ അവസാന മത്സരവും കളിച്ചാണ് കളം വിടുന്നത് . 15 വർഷം നീണ്ട ഐ.പി.എൽ കരിയറിൽ 221 മത്സരങ്ങളിൽനിന്ന് 187 വിക്കറ്റുകളും 833 റൺസും അശ്വിൻ സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

आकाशवाणी
बहुजनहिताय बहुजनसुखाय